പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 1558 04.12. 2015- ലെ മറുപടി

**പ്രവാസി മലയാളികളുടെ പുനരധിവാസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ : | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| എ)ഈ സർക്കാർ അധികാരമേറ്റതിന് ശേഷം വിദേശ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾ മൂലം ജോലിയും സമ്പാദ്യവും നഷ്ടപ്പെട്ട് മടങ്ങിവരുന്ന മലയാളികളുടെ പുനരധിവാസത്തിന് വേണ്ടി പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ വിശദാംശം നൽകുമോ; | എ) വിദേശ രാജ്യങ്ങളിലെ ആഭ്യന്തര പ്രശ്നങ്ങൾ മൂലം ജോലിയും സമ്പാദ്യവും നഷ്ടപ്പെട്ട് മടങ്ങിവരുന്ന മലയാളികളെ പുനരധിവസിപ്പിക്കുന്നതിന് നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) എന്ന പദ്ധതി നടപ്പാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| ബി)പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ ഇതുവരെ പൂർണ്ണമായും നടപ്പാക്കപ്പെട്ടത് ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ; | ബി) ഈ പദ്ധതി പൂർണ്ണമായും നടപ്പാക്കിയിട്ടുണ്ട്. |
| സി) പദ്ധതികൾ നടപ്പാക്കുന്നതിനായി എന്ത് തുക നാളിതുവരെ ചെലവഴിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | സി) ഈ പദ്ധതിയിൽ നാളിതുവരെ സബ്സിഡി ഇനത്തിൽ 6.68 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM)

പരമാവധി 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന തൊഴിൽ സംരംഭങ്ങൾക്ക് 15%
മൂലധന സബ്സിഡിയും ആദ്യത്തെ നാലു വർഷം 3% പലിശ ഇളവും അനുവദിക്കുന്നതാണ് പ
ദ്ധതി. രണ്ട് വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത ശേഷം നാട്ടിൽ മടങ്ങിയെത്തിയ പ്രവാസി
കൾ, ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയാണ് പ
ദ്ധതിയുടെ ആനുകൂല്യത്തിന് അർഹർ.

## പദ്ധതിയുടെ ഉദ്ദേശ്യം

തിരികെയെത്തിയ പ്രവാസികളെ സംരംഭകരാക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകുകയും
മൂലധന സബ്സിഡിയും പലിശ സബ്സിഡിയും നൽകുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ
ഉദ്ദേശം. തിരികെയെത്തിയ പ്രവാസികളെ പ്രത്യേക ഉപഭോക്താക്കളായി പരിഗണിച്ച് പുതിയ
സംരംഭങ്ങൾ സർക്കാർ നടപടിക്രമങ്ങൾ പാലിച്ച് ആരംഭിക്കുന്നതിന് ആവശ്യമായ കൈതാങ്ങൽ
നൽകുക, തിരികെയെത്തിയ പ്രവാസികളുടെ ജീവിതമാർഗ്ഗത്തിനായി ഒരു സുസ്ഥിര സംരംഭക
മാതൃക വികസിപ്പിക്കുക എന്നതും പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങളാണ്.

## പദ്ധതിയുടെ സവിശേഷതകൾ

തിരികെയെത്തിയ പ്രവാസികളുടെ സ്വയം തൊഴിൽ സംരംഭങ്ങളെ
പ്രോത്സാഹിപ്പിക്കുന്നതിനായി കേരള സർക്കാർ രൂപീകരിച്ച സമഗ്ര പദ്ധതിയാണിത്.
തിരികെയെത്തിയ പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ സുസ്ഥിര വരുമാനം
കണ്ടെത്താൻ ഇതിലൂടെ സാധിക്കും. 20 ലക്ഷം രൂപ വരെ മൂലധന ചെലവ് പ്രതീക്ഷിക്കുന്ന
സ്വയംതൊഴിൽ സംരംഭങ്ങൾക്ക് 15% മൂലധന സബ്സിഡി(പരമാവധി 3 ലക്ഷം രൂപ വരെ)യും,
ആദ്യത്തെ നാലു വർഷം 3% പലിശ സബ്സിഡിയും നൽകുന്നതാണ്. ചുരുങ്ങിയത് രണ്ട് വർഷം
വിദേശത്ത് ജോലി ചെയ്ത ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും,

ഇത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയേയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്. താല്പര്യമുള്ള സംരംഭങ്ങൾക്ക് വേണ്ടി പദ്ധതിയുടെ ഭാഗമായി മേഖലാടിസ്ഥാനത്തിൽ പരിശീലന കളരികൾ, ബോധവൽക്കരണ സെമിനാറുകൾ എന്നിവ നടത്തുന്നതാണ്.

## പദ്ധതിക്ക് അർഹത

ചുരുങ്ങിയത് രണ്ടു വർഷമെങ്കിലും വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവരുമായ പ്രവാസികളും, അത്തരം പ്രവാസികൾ ഒത്തു ചേർന്ന് ആരംഭിക്കുന്ന സംഘങ്ങളും ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിരിക്കും.

## മേഖലകൾ

കാർഷിക - വ്യവസായം (കോഴി വളർത്തൽ (മുട്ടക്കോഴി, ഇറച്ചിക്കോഴി), മത്സ്യകൃഷി (ഉൾനാടൻ മത്സ്യ കൃഷി, അലങ്കാര മത്സ്യ കൃഷി), ക്ഷീരോല്പാദനം, ഭക്ഷ്യ സംസ്കരണം, സംയോജിത കൃഷി, ഫാം ടൂറിസം, ആടു വളർത്തൽ, പച്ചക്കറി കൃഷി, പുഷ്പകൃഷി, തേനീച്ച വളർത്തൽ തുടങ്ങിയവയും), കച്ചവടം (പൊതു വ്യാപാരം - വാങ്ങുകയും വിൽക്കുകയും ചെയ്യൽ), സേവനങ്ങൾ (റിപ്പേയർ ഷോപ്പ്, റസ്റ്റോറന്റുകൾ, ടാക്സി സർവ്വീസുകൾ, ഹോംസ്റ്റേ തുടങ്ങിയവ), ഉത്പാദനം - ചെറുകിട - ഇടത്തരം സംരംഭങ്ങൾ (പൊടിമില്ലുകൾ, ബേക്കറി ഉൽപ്പന്നങ്ങൾ, ഫർണിച്ചറും തടിവ്യവസായവും, സലൂണുകൾ, പേപ്പർ കപ്പ്, പേപ്പർ റീസൈക്ലിംഗ്, ചന്ദനത്തിരി, കമ്പ്യൂട്ടർ ഉപകരണങ്ങൾ തുടങ്ങിയവയും )